തൃക്കരിപ്പൂർ, മയ്യിച്ചയിൽ റെയിൽ അണ്ടർ പാസ്സ് നിർമ്മാണം

94 (1834) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ മയ്യിച്ചയിൽ റെയിൽ അണ്ടർ പാസ്സ് നിർമ്മിക്കുന്നതിന് റെയിൽവേ ഉണ്ടാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് കൊണ്ട് ഭരണാനുമതി പുറപ്പെടുവിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും തുക റെയിൽവേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യ നൽകാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത തുക നടപ്പു സാമ്പത്തിക വർഷത്തിനകം നൽകിയില്ലെങ്കിൽ റെയിൽവേയുടെ എസ്റ്റിമേറ്റിൽ വരുന്ന വർദ്ധനവ് വഹിക്കുന്നത് ആരാണ്എന്ന് കൂടി വ്യക്തമാക്കുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽനിന്നും സംസ്ഥാനതല സീനിയോറിറ്റി പ്രകാരം ലെറ്റർ ഓഫ് ക്രെഡിറ്റ് വഴിയാണ് ഫണ്ട് സർക്കാരിൽനിന്നും പിൻവലിച്ച് റെയിൽവേയ്ക്ക് ഡിപ്പോസിറ്റ് ചെയ്യേണ്ടത്. ഇതിൽ എന്തെങ്കിലും തടസ്സമുള്ളതായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടില്ല. ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് കാലതാമസംമൂലം എസ്റ്റിമേറ്റിൽ ഉണ്ടാകുന്ന വർദ്ധനവ് സർക്കാർ തന്നെയാണ് വഹിക്കുന്നത്.

കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള തുക

95 (1835) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ കരാറുകാർക്ക് കൊടുത്ത് തീർക്കുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

ഭരണ വകുപ്പിൽനിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് നിലവിൽ 1529.97 കോടി രൂപ പൊതുമരാമത്ത് (റോഡ്, കെട്ടിടം) വകുപ്പ്, ജലസേചനവകുപ്പ് എന്നിവയിലെ കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ട്. പ്രസ്തുത തുകയിൽ 279.56 കോടി രൂപ ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം വഴി കരാറുകാർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly